# കേരള കാർഷിക സർവ്വകലാശാല

ഇൻസ്ട്രക്ഷണൽ ഫാം,
വെള്ളായണി, തീയതി 20/07/2024

നമ്പർ എഫ് 3/3001/2022

**1960 ലെ കേരള സിവിൽ സർവ്വീസ് റൂൾസ് (സിസി/എ)റൂൾ 15, സബ് റൂൾ 12 (b)**

**പ്രകാരമുള്ള നോട്ടീസ്**

ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണിയിലെ സ്ഥിരം തൊഴിലാളിയായ ശ്രീ. പ്രശാന്ത് എസ് എന്ന താങ്കൾ 2023 ൽ ആകെ ഹാജരായത് 16 ദിവസം മാത്രമാണ്. 2015,2017,2022 എന്നീവർഷങ്ങളിൽ മതിയായ അവധിയപേക്ഷയോ, മുൻകൂർ അനുമതിയോ കൂടാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുക എന്ന കുറ്റം ചെയ്തിട്ടുണ്ട്.24/02/2023 തീയതിയിലെ എഫ്3/3145/2022 നമ്പർ കാരണം കാണിക്കൽ നോട്ടീസ് പ്രകാരം 27.01.2023 മുതൽ മതിയായ അവധിയപേക്ഷയോ, മുൻകൂർ അനുമതിയോ കൂടാതെ ജോലിയിൽ നിന്നും വിട്ടു നിൽക്കുക എന്ന കുറ്റം ചെയ്തതിന് താങ്കളോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. താങ്കളുടെ മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ 24/02/2024 ലെ എഫ്3/3586/2022(ii) പ്രകാരം താങ്കളോട് അന്വേഷണ കമ്മിറ്റിയ്ക്ക് മുൻപാകെ ഹാജരാകാൻ ആവശ്യപ്പെട്ടു.

12/03/2024 തീയതിയിൽ ചേർന്ന അന്വേഷണ കമ്മിറ്റി യോഗത്തിൽ ഹാജരായ താങ്കളോട് 15/03/2024 ന് ജോലിയിൽ തിരികെ പ്രവേശിക്കാനും അന്നു മുതൽ 3 മാസത്തെ ഹാജർ നില പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 15/03/2024 ന് ജോലിയിൽ തിരികെ പ്രവേശിക്കാത്തപക്ഷം 1960 ലെ കേരള സിവിൽ സർവ്വീസ് റൂൾസ് (സിസി/എ) പ്രകാരം ജോലിയിൽ നിന്നു പിരിച്ചു വിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ താങ്കൾ 15/03/2024 ന് ജോലിയിൽ തിരികെ പ്രവേശിച്ചില്ല എന്ന് 01/04/2024 ലെ ഫാം മാനേജർ ഗ്രേഡ്I ന്റെ സമർപ്പണത്തിൽ പറയുന്നു.

കത്ത് മുഖേനയോ ഫോൺ മഖേനയോ താങ്കളെ ബന്ധപെടാൻ കഴിയാത്ത സാഹചര്യത്തിൽ, താങ്കളെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യാതിരിക്കാൻ തക്കതായ കാരണം ഉണ്ടെങ്കിൽ ഈ നോട്ടീസ് കൈപറ്റി 30 ദിവസത്തിനകം ഈ ഓഫീസിൽ രേഖകൾ സഹിതം ഹാജരാകേണ്ടതാണ്.ഹാജരാകുകയോ ഹാജരാകാതിരുന്നതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്യാത്ത പക്ഷം താങ്കൾക്ക് വിശദീകരണം ഒന്നും നൽകാനില്ല എന്ന് കണക്കാക്കി താങ്കളെ സേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളുമായി മുന്നോട്ട് പോകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഒപ്പ്
**പ്രൊഫസർ ആന്റ് ഹെഡ്**

സ്വീകർത്താവ് : ശ്രീ. പ്രശാന്ത് എസ്, സ്ഥിരം തൊഴിലാളി
പ്രശാന്ത് ഭവൻ,കാക്കാമൂല , കല്ലിയൂർ പി ഒ

**സെക്ഷൻ ഓഫീസർ**